# നീര: തുക വകമാറ്റിയിട്ടില്ലെന്നു മന്ത്രി മോഹനൻ

തിരുവനന്തപുരം: നീര ഉൽപ്പാദനത്തിനു ബജറ്റിൽ അനുവദിച്ച തുക വകമാറ്റിയിട്ടില്ലെന്നു മന്ത്രി കെ. പി. മോഹനൻ. പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദന്റെ ഉപക്ഷേപത്തിനു നിയമസഭയിൽ മറുപടി നൽകുകയായിരുന്നു മന്ത്രി.

കൊയിലാണ്ടിയിൽ നിലവിലെ ദേശീയപാത വീതി കൂട്ടുന്നതിനു ഭൂമി ഏറ്റെടുക്കാൻ കഴിയില്ലെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി കെ. ദാസനെ അറിയിച്ചു.

വയനാട്ടിൽ വിചാരണത്തടവുകാരായി ഏതെങ്കിലും ആദിവാസികളുണ്ടെങ്കിൽ അവർക്കു ജാമ്യം ലഭ്യമാക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി പി. ശ്രീരാമകൃഷ്ണനെ അറിയിച്ചു.